# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2961** — **13/03/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി

| | ചോദ്യം<br>ശ്രീ. ടി.എ. അഹമ്മദ് കബീർ | | മറുപടി<br>ശ്രീ. കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | അഞ്ച് വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിച്ച സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; | (എ) | പൂർത്തീകരിക്കാത്ത 66750 ഭവനങ്ങളിൽ 9448 ഭവനങ്ങൾ പൂർത്തീകരിച്ചു. നിലവിൽ ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള ഗുണഭോക്തൃ പട്ടികയിലുള്ള എല്ലാവർക്കും അടുത്ത വർഷം ഭവനം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1034 തദ്ദേശ സ്ഥാപനങ്ങളിൽ 1022 സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. 14 ജില്ലകളിൽ ഭൂമിയില്ലാത്ത ഭവന രഹിതർക്കായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യ ഘട്ടമെന്ന് കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളെ ആണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതിയുണ്ടെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ലൈഫ് ഭവന പദ്ധതിയുമായി സഹകരിക്കാതെ കൃഷി വകുപ്പ് തടസ്സം നിൽക്കുന്നതിനാൽ പട്ടിക പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഗുണഭോക്തൃ സർവേയുടെ ആദ്യ ഘട്ടത്തിൽ ഇത്തരത്തിൽ ഒരു പരാതി ഉയർന്നു വന്നിരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിച്ച പട്ടികയിൽമേലുള്ള അപ്പീലിന്മേൽ പരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ടാണ് പരാതി ഉന്നയിക്കപ്പെട്ടത്. ആയത് പരിഹരിച്ച് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ